ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം – സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം (ഡി) - ശ്രീ ശിവരാജൻ വി. ഡി. ഓഫീസ് അറ്റൻറൻറ് - സർക്കാർ പോളിടെക്നിക് കോളേജ്, കൊരട്ടി ഫയൽ ചെയ്ത OA (EKM) No. 236/2025/A മേലുള്ള അന്തിമ ഉത്തരവ് പാലിച്ച് കൊണ്ട് - ഉത്തരവ് – പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം.** DTETVM/1439/2025-ED2 (ED) **തിരുവനന്തപുരം,**

**തീയതി :22-02-2025**

---

വായന :- 1. 10-2-2025 തീയതിയിലെ OA (EKM) No. 236/2025 നംബർ ഹർജിയിൻ മേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ബ്യൂണലിന്റെ അന്തിമ ഉത്തരവ്.

**ഉത്തരവ്**

03.02.2025 തീയതിയിലെ ED2/43521/16/DTE ഉത്തരവ് പ്രകാരം കൊരട്ടി സർക്കാർ പോളിടെക്നിക് കോളേജിലെ ഓഫീസ് അറ്റണ്ടൻറ് ആയിരുന്ന ശ്രീ ശിവരാജൻ വി. ഡി. യ്ക്ക ടിയാൻറെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിലേക്ക് സ്ഥാനക്കയറ്റ നിയമനം നല്കി വണ്ടിപ്പെരിയാർ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് നിയമിക്കുകയുണ്ടായി. ടിയാൾ സേവനത്തിലിരുന്ന കൊരട്ടി സർക്കാർ പോളിടെക്നിക് കോളേജിൽ നിയമനം ലഭിക്കാതിരുന്നതിനാൽ ടിയാന് ലഭിച്ച തസ്തിക മാറ്റം ഒഴിവാക്കി ഓഫീസ് അറ്റണ്ടൻറ് തസ്തികയിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് OA (EKM) No. 236/2025 ഹർജി ബഹു :കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്യുകയും സൂചന പ്രകാരം ബഹു : കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. അന്തിമ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.
"As the applicant has submitted Annexure A4 representation, the original Application is disposed of with a direction to the 2$^{nd}$ respondent to consider and pass orders on Annexure A4 representation in accordance with law "

Annexure 4 ആയി ശ്രീ. ശിവരാജൻ വി.ഡി സമർപ്പിച്ചിരിക്കുന്നതു ടിയാൻ 4-2-2025 തീയതിയിൽ കൊരട്ടി സർക്കാർ പോളിടെക്നിക് കോളേജിൽ സമർപ്പിച്ചതും 5-2-2025 തീയതിയിലെ GPCKRT/1671/2024-B നംബർ കത്ത് പ്രകാരം സ്ഥാപന മേധാവി ഈ ഓഫീസിലേക്ക് അയച്ചു തന്നതുമായ അപേക്ഷയാണ്. സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചു.

ശ്രീ. ശിവരാജന് നോൺ ടെക്നിക്കൽ അറ്റണ്ടർ തസ്തികയിൽ തസ്തിക മാറ്റം ലഭിക്കുന്നതിനുള്ള താൽപര്യം അറിയിച്ചു കൊണ്ടുള്ള ടിയാൻറെ അപേക്ഷ കൊരട്ടി സർക്കാർ

പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ 23-11-2024 തീയതിയിലെ GPCKRT/1671/2024-B നംബർ കത്ത് പ്രകാരം ഈ ഓഫീസിൽ ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് 3-2-2025 തീയതിയിലെ മേൽ ഖണ്ഡികയിൽ പറയുന്ന ഈ ഓഫീസിലെ ഉത്തരവ് പ്രകാരം ടിയാന് തസ്തിക മാറ്റം അനുവദിച്ച് വണ്ടി പെരിയാർ സർക്കാർ പോളിടെക്നിക് കോളേജിൽ നിയമിച്ചത്.

30.11.2023 തീയതിയിലെ സ. ഉ. (പി) നമ്പർ 17/2023/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രൊമോഷൻ /തസ്തിക മാറ്റ നിയമനം നടത്തി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം അപ്രകാരം ലഭിച്ച ഉദ്യോഗ കയറ്റം പരിത്യജിക്കുവാൻ കഴിയുകയില്ല.

ശ്രീ. ശിവരാജൻ വി.ഡി ഉൾപ്പടെയുള്ളവരുടെ തസ്തിക മാറ്റ നിയമന ഉത്തരവ് 3-2-2025 തീയതിയിൽ പുറപ്പെടുവിച്ച ശേഷം ടിയാൻ 4-2-2025 ൽ സമർപ്പിച്ച ഉദ്യോഗ കയറ്റം പരിത്യജിക്കുവാനുള്ള അപേക്ഷ മേൽ പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ കഴിയുകയില്ല.

ഈ സാഹചര്യത്തിൽ ടി ഹർജ്ജിയിൽ ശ്രീ ശിവരാജൻ വി. ഡി. യുടെ Annexure4 അപേക്ഷ പരിശോധിച്ചതിൻ പ്രകാരം ടിയാൻ തസ്തിക മാറ്റ ഉത്തരവ് പുറപ്പെടുവിച്ച തീയതിക്ക് മുന്പ് നിർദ്ദിഷ്ട ഫോറത്തിൽ ഉദ്യോഗ കയറ്റം പരിത്യജിക്കുന്നതിനുള്ള അപേക്ഷ നല്കാതിരുന്നതിനാൽ ശ്രീ ശിവരാജൻ വി. ഡി. യുടെ ഉദ്യോഗ കയറ്റം പരിത്യജിക്കണമെന്നുള്ള അപേക്ഷ (Annexue A4) 30.11.2023 തീയതിയിലെ സ. ഉ. (പി) നമ്പർ 17/2023/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഗണിക്കുവാൻ കഴിയില്ല എന്നു ഉത്തരവാകുന്നു.

ഇപ്രകാരം ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ്ട്രിബ്യൂണലിന്റെ സൂചന ഉത്തരവ് പാലിച്ചിരിക്കുന്നു.

Signed by
Shalij P R
Date: 22-02-2025 11:12:58

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖാന്തിരം)
2. ശ്രീ ശിവരാജൻ വി. ഡി. ഓഫീസ് അറ്റൻറൻറ് സർക്കാർ പോളിടെക്നിക് കോളേജ് , കൊരട്ടി
3. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ് , കൊരട്ടി.
4. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്